ശ്രീ. സി. എ. കുര്യൻ: പി.എസ്.സി. യിൽ അപേക്ഷ ക്ഷണിക്കുന്നത് സാധാരണ മലയാളം പത്രങ്ങളിൽകൂടിയാണ്. തമിഴ് ഭാഷ മാത്രം അറിയാവുന്ന ഹൈറേഞ്ച് പ്രദേശങ്ങളിലെ ആളുകൾക്ക് ഇതു മനസ്സിലാക്കുന്നതിനുവേണ്ടി ഇങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾ തമിഴ് പത്രങ്ങളിൽകൂടി പ്രസിദ്ധീകരിക്കുന്നതിന് വേണ്ട ഏർപ്പാട് ചെയ്യുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: കേരളത്തിൽ തമിഴ് പത്രം ഉണ്ടെന്നു തോന്നുന്നില്ല. അപ്പോൾ പിന്നെ തമിഴ് പത്രത്തിൽ പരസ്യം ചെയ്യുന്നത് ബുദ്ധിമുട്ടായിരിക്കും. കേരളത്തിനു പുറത്തുള്ള തമിഴ് പത്രങ്ങളിൽ പരസ്യം കൊടുത്താൽ അതുകൊണ്ട് പ്രയോജനമുണ്ടാകുമോ എന്നു അറിയുകയില്ല. അതുകൊണ്ട് ഈ ചോദ്യത്തിനു വ്യക്തമായ മറുപടി നൽകാൻ സാധിക്കുകയില്ല.

ശ്രീ. കെ. സുകുമാരനുണ്ണി: തമിഴ് സംസാരിക്കുന്ന പ്രദേശങ്ങളിലെ ഏതെങ്കിലും ഒരു ആഫീസിൽ തമിഴ് അറിയാവുന്ന ഒരാളെയെങ്കിലും വയ്ക്കണമെന്ന വ്യവസ്ഥ മണ്ണാർക്കാട്, ചിറ്റൂർ പ്രദേശങ്ങളിൽ നടപ്പിലാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ആ കാര്യം പരിശോധിക്കാം

വിചാരണ കഴിയാത്ത തടവുകാർ

*423 [444] ശ്രീ. വി. ഈച്ചരൻ:
ശ്രീ. ഇ. നാരായണൻ നായർ:
ശ്രീ. സേവ്യർ അറയ്ക്കൽ:
ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:
ശ്രീ. എം. വി. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിചാരണ കഴിയാത്ത എത്ര തടവുകാർ ജയിലിൽ കഴിയുന്നുണ്ട്;

(ബി) ഒരു വർഷവും അതിൽ കൂടുതലും കാലം വിചാരണ കഴിയാതെ ജയിലിൽ കഴിയുന്ന തടവുകാർ എത്രയുണ്ട്;

(സി) വിചാരണ കഴിയാതെ ദീർഘകാലം ഇപ്രകാരം ആളുകൾ തടവുകാരായി കഴിയേണ്ടതായി വരുന്നതിനുള്ള കാരണങ്ങൾ എന്താണ്;

(ഡി) മൂന്നു വർഷത്തിൽ കൂടുതൽ വിചാരണ കഴിയാതെ തടവുകാരായി ജയിലിൽ കഴിയുന്നവരെ ജാമ്യത്തിനു വിട്ടയക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) 1.3.1979-ൽ 1018.

(ബി) 1.3.1979-ൽ 23.

(സി) പല കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള ആളുകൾക്ക് ആ കേസുകളിലെല്ലാം കോടതിയുടെ അവസാന വിധിന്യായം ഉണ്ടാകുന്നതുവരെ ജയിലിൽ കഴിയേണ്ടി വരും.

(ഡി) ഇത് കേസുകൾ വിചാരണ ചെയ്യുന്ന കോടതികൾ തീരുമാനിക്കേണ്ട കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഈച്ചരൻ: ജാമ്യമില്ലാത്ത വകുപ്പുകൾചുമത്തി ആളുകളെ അറസ്റ്റു ചെയ്തു ജയിലിൽവയ്ക്കുകയും അവരുടെ കേസുകൾ കോടതിയിൽ കൊടുക്കാൻ താമസിക്കുകയും ചെയ്തു ജയിലിൽ വസിക്കുന്ന ആളുകൾ എത്രയുണ്ട്? ഒരു നിശ്ചിത പരിധിക്കുള്ളിൽ ആ കേസുകൾ കോടതിയിൽ കൊടുക്കണമെന്നു വ്യവസ്ഥയുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കേസുകൾ അങ്ങനെ കൊടുക്കാത്തതുകൊണ്ടാണ് അണ്ടർ ട്രയലുകളുടെ എണ്ണം കൂടുന്നത്. മറ്റു സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം പരിശോധിക്കുകയാണെങ്കിൽ അണ്ടർട്രയലുകളുടെ എണ്ണം ഇവിടെ വളരെ കുറവാണ്. ഒരു വർഷത്തിൽ കൂടിയ തടവുകാരുടെ എണ്ണം വളരെ കുറവാണ്.

ശ്രീ. വി. ഈച്ചരൻ: അങ്ങനെ കോടതിയിൽ ചാർജു കൊടുക്കാത്ത എത്ര കേസുകൾ ഉണ്ടെന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: 30.9.1978 വരെ 15,391 കേസുകൾ മജിസ്ട്രേട്ട് കോടതിയിലുള്ളതാണ്. 30.9.1978 വരെ സെഷൻസ് കോടതിയിൽ ഉള്ളത് 1812 കേസുകളാണ്. 420 ഒറിജിനൽ, 428 റിവിഷൻ, 744 അപ്പീൽ കേസുകളാണ്. ഹൈക്കോടതിയിൽ 637.

ശ്രീ. ഇ. നാരായണൻ നായർ: അടിയന്തിരാവസ്ഥക്കാലത്ത് പിടിച്ചു തടങ്കലിൽവച്ച തടവുകാർ ഇപ്പോൾ ഇല്ല. ഇപ്പോൾ തടവിൽ കഴിയുന്നു എന്നു പറയുന്ന ആളുകൾ ഒന്നുകിൽ ജാമ്യമില്ലാത്ത വകുപ്പു പ്രകാരവും അല്ലെങ്കിൽ ജാമ്യത്തിൽ ഇറക്കാൻ ആളില്ലാത്തവരോ ആയിരിക്കുകയും ചെയ്യും. അങ്ങനെയുള്ള തടവുകാരുടെ കാര്യം വേഗത്തിൽ വിചാരണ ചെയ്യണമെന്ന കീഴ്വഴക്കമുണ്ട്. അതു ചെയ്യാത്തതുകൊണ്ടാണ് ഇങ്ങനെ ധാരാളം ആളുകൾ ഉള്ളതെന്ന വസ്തുത പരിഗണിച്ച് ഗവൺമെൻറ് ഇതേ സംബന്ധിച്ച് ഹൈക്കോടതിക്ക് വല്ല ശുപാർശയും അയച്ചിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: 1.3.1979-ൽ ഒരു കൊല്ലത്തിൽ കൂടുതലുള്ളത് 23 പേർ മാത്രമേയുള്ളു. ബാക്കിയുള്ളത് അടുത്ത കാലത്തുള്ളതാണ്. അതിന്റെ ചാർജു ഷീറ്റുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. സേവ്യർ അറയ്ക്കൽ: ഒരു കൊല്ലത്തിൽ കൂടുതൽ കാലതടവ് അനുഭവിക്കുന്നവർ 23 പേരാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇവരെ എന്തു കുറ്റത്തിനാണ് ജയിലിൽ വച്ചിരിക്കുന്നതെന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: വിവിധ കുറ്റങ്ങൾക്കാണ്. സീരിയസായിട്ടുള്ള ക്രിമിനൽ കേസുകളാണ്.

ശ്രീ. സേവ്യർ അറയ്ക്കൽ: സീരിയസായിട്ടുള്ള ക്രിമിനൽ കേസുകളാണെന്നു പറഞ്ഞു. ഒരു കൊല്ലം കഴിഞ്ഞിട്ടും അവരെ വിട്ടിട്ടില്ല. ആ നിലയിൽ കഴിയുന്നതും വേഗം അവരെ വിടുന്നതിന് ഗവൺമെൻറു ഭാഗത്തുനിന്നും എന്തെങ്കിലും നടപടി എടുക്കാൻ ശ്രദ്ധിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കോടതിയിൽ കേസുള്ളതു കൊണ്ടു കോടതിയാണ് ഇതു തീരുമാനിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: അറസ്റ്റു ചെയ്യുന്ന പ്രതികളെ ജാമ്യത്തിൽ ഇറക്കത്തക്ക വിധത്തിൽ ചാർജ്ജു ഷീറ്റുകളും തയ്യാറാക്കി കോടതിയിൽ കൊടുക്കാത്തതുകൊണ്ടാണ് കാലതാമസം വരുന്നതെന്നുള്ളതു പരിഗണിച്ച് പ്രതികളുടെ ചാർജ്ജുഷീറ്റ് വളരെ വേഗം കോടതിയിൽ കൊടുക്കാൻ വേണ്ട ഏർപ്പാട് ചെയ്യുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇതു കേസുകളും തീരാത്തതുകൊണ്ടു കിടക്കുന്നതാണ്.

ശ്രീ. എം. വി. രാജൻ: പ്രതികളെ വിചാരണ കൂടാതെ എത്രകാലം വരെ തടവിൽ വയ്ക്കാമെന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ദീർഘകാലം വയ്ക്കാൻ സാദ്ധ്യമല്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ: വിചാരണ കഴിയാത്ത തടവുകാരെ ശിക്ഷിച്ച തടവുകാരെപ്പോലെ തന്നെ ജയിലിൽ പണിയെടുക്കുന്നു എന്ന ആരോപണം പല ജയിലുകളിൽ നിന്നും ഉണ്ടായിട്ടുണ്ട്. ആ നിലക്ക് വിചാരണ കഴിയാത്ത തടവുകാരെ സംബന്ധിച്ചിടത്തോളം അവരെ കർശനമായി ജോലിചെയ്യിക്കാൻ പാടില്ലെന്നുള്ള നിർദ്ദേശം ജയിൽ വകുപ്പിന് കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: വിചാരണക്കുശേഷം ശിക്ഷിച്ചവരെ മാത്രമേ മറ്റുള്ള ജോലികളും ചെയ്യിപ്പിക്കുന്നുള്ളൂ. അല്ലാത്തവരെക്കൊണ്ട് ജോലി ചെയ്യിക്കാൻ പാടില്ലെന്നുള്ളതാണ് നിയമം. അങ്ങനെ പരാതിയുണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. പിണറായി വിജയൻ: മൂന്നു വർഷത്തിൽ കൂടുതലായി? വിചാരണ കൂടാതെ തടവിൽ കഴിയുന്ന എത്ര പേർ ഉണ്ടെന്നു പറയാമോ; ആ കേസ്സിന്റെ സ്വഭാവവും എന്താണെന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പ്രോദ്യം ഒരു വർഷവും രണ്ടു വർഷത്തിൽ കൂടുതലും കാലമായി തടവിൽ കിടക്കുന്നവരുടെ കാര്യമാണ്. മൂന്നു വർഷത്തിൽ കൂടുതൽ കാലമായി വിചാരണ കൂടാതെ തടവിൽ കിടക്കുന്നവരുടെ കാര്യം അന്വേഷിച്ചു പറയാം.

ശ്രീ. എം. വി. രാഘവൻ: വിചാരണ കഴിയാതെ തടവിൽ കിടക്കുന്നവരുടെ തടവുകാലം പിന്നെ ശിക്ഷിച്ചാൽ ആ ശിക്ഷയിൽ ഇളവു കൊടുക്കുന്ന സമ്പ്രദായം കേരളത്തിൽ നിലവിലുണ്ടോ? ഇല്ലെങ്കിൽ കാരണമെന്താണ്?

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെ നിലവിലുണ്ട്. ഇളവു ചെയ്യുന്നതാണ്.

ശ്രീ. എം. വി. രാഘവൻ: കേരളത്തിൽ വിചാരണ കൂടാതെ തടവിൽ കഴിയുന്ന നല്ലൊരു ശതമാനം ആളുകൾക്കും ഈ ആനുകൂല്യം കിട്ടുന്നില്ലെന്നുള്ളത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനാവശ്യമായ നടപടി എടുക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: കൺസിഡർ ചെയ്യുന്നുണ്ട്. അതേപ്പറ്റി പരിഗണിക്കുന്നുണ്ട്.

ശ്രീ. സി. എ. കുര്യൻ: ശിക്ഷിക്കപ്പെടാത്ത തടവുകാരെക്കൊണ്ട് ജോലി ചെയ്യിപ്പിക്കരുതെന്ന വ്യവസ്ഥ നിലവിലുണ്ട്. എന്നാൽ വിചാരണ കഴിയാത്ത സ്ത്രീ തടവുകാരെക്കൊണ്ട് ജയിൽ ഉദ്യോഗസ്ഥൻമാർ വീട്ടുജോലി ചെയ്യിക്കുന്നതായി സാർവ്വത്രികമായ പരാതി ഉണ്ടായിട്ടുണ്ട്. അത് തടയുന്നതിന് കർശനമായ നിർദ്ദേശം കൊടുക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെയൊരു പരാതി ലഭിച്ചിട്ടില്ല. അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. പി. പി. എസ് തോമസ്: ഇവിടെ വിചാരണ കാത്തു കിടക്കുന്ന പ്രതികളെ സംബന്ധിച്ചിടത്തോളം കോടതിയാണ് ശിക്ഷിക്കേണ്ടതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. സാങ്കേതിക തെറ്റു മാത്രമാണ്. പ്രോസിക്യൂഷനാണ്, അനുകൂലമായോ പ്രതികൂലമായോ നിൽക്കാറുള്ളത്. അനവധി കേസുകളിൽ പ്രോസിക്യൂഷൻ മനഃപൂർവ്വം ജാമ്യം നിഷേധിക്കത്തക്കവിധത്തിൽ ശക്തിയായി കോടതിയിൽ വാദിക്കുന്നതിന്റെ ഫലമായിട്ട് അവർക്ക് ജാമ്യം കിട്ടുന്നില്ലെന്നും മറ്റു സീരിയസായ കൊലപാതകം പോലുള്ള കേസുകളിൽ എളുപ്പമായി ജാമ്യം കിട്ടുകയും ചെയ്യുന്ന സ്ഥിതിവിശേഷം കേരളത്തിലുണ്ട്. ഇതൊന്നുകൊണ്ടെന്നു പരിശോധിക്കാൻ ആഭ്യന്തര വകുപ്പു തയ്യാറാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം ശരിയല്ല. കോടതിയിൽ തന്നെയാണ് തീരുമാനിക്കേണ്ടത്. പ്രോസിക്യൂഷൻ വാദം നടത്തുന്നു എന്നല്ലാതെ തീരുമാനമെടുക്കേണ്ടത് കോടതിയാണ്.

ശ്രീ. പി. ആർ. കുറുപ്പ്: റിമാൻഡിൽ കഴിയുന്ന തടവുകാരുള്ളപ്പോഴും ഈ കേസുകളിൽ വളരെ വേഗത്തിൽ ചാർജു സമർപ്പിച്ച് ചാർജു കൊടുക്കണമെന്ന് പോലീസിനു നിർദ്ദേശമുണ്ട്. അതുപോലെ തന്നെ ശിക്ഷിക്കപ്പെട്ട പ്രതികളെ സംബന്ധിച്ച് കസ്റ്റഡിയിലാണെങ്കിൽ അപ്പീൽ കേസുകളും വളരെ വേഗം എടുക്കണമെന്ന് അപ്പീൽ കോടതിക്കു നിർദ്ദേശമുണ്ട്. അതേ സ്വഭാവത്തിൽ തന്നെ റിമാൻഡിൽ കഴിയുന്ന തടവുകാരുടെ കേസുകളും വളരെ വേഗത്തിൽ പ്രയോറിറ്റി കൊടുത്ത് തീരുമാനിക്കണമെന്നു നിർദ്ദേശം കൊടുക്കാൻ ഹൈക്കോടതിയുമായി ബന്ധപ്പെടുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: മൂന്നിനങ്ങളിലുമുള്ള കേസുകളിലും വളരെ വേഗം നടപടികളും എടുക്കാനുള്ള നിർദ്ദേശം ഗവൺമെൻറ് നൽകിയിട്ടുണ്ട്. ആവശ്യമില്ലാത്ത കാലതാമസം വരുന്നില്ല എന്നു ണറിവ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കേസിൽ ശിക്ഷിക്കുന്നതിനു മുമ്പ് ജയിലിൽ കിടന്ന കാലംകൂടി ശിക്ഷ കഴിഞ്ഞാൽ പരിഗണിക്കുമെന്ന

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. പ്രോസിക്യൂഷൻ ചാർജു കൊടുക്കാൻ താമസിക്കുന്നതു കൊണ്ട് അതിനു മുമ്പു കിടന്ന കാലം പരിഗണിക്കാതിരിക്കുന്നതിന്റെ ഫലമായി ആ ആനുകൂല്യം തടവുകാർക്കു കിട്ടാതിരിക്കുന്നില്ലേ ഇക്കാര്യംകൂടി പരിശോധിച്ച് തെറ്റു തിരുത്താനുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പരിശോധിച്ചു പറയാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ട്രയൽ നടക്കുന്ന പീരിയഡിൽ റിമാൻഡ് കാലാവധി ഉൾപ്പെടെ ശിക്ഷയിൽ വക വെച്ചുകൊടുക്കണമെന്ന് സി. ആർ. പി. സി. യിൽ പുതിയ അമെൻറുമെൻറ് വ്യക്തമായി വരുത്തിയത് ഗവൺമെൻറിനറിവില്ലേ? അതു നടപ്പിലാക്കാൻ പരിശോധിക്കണമെന്നാണോ പറയുന്നത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെ കൊടുക്കുന്നുണ്ടെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഇപ്പോഴും വിചാരണയ്ക്ക് വളരെയധികം കാലതാമസം വരുന്നുണ്ട്. കേരളത്തിൽ അതു വളരെ കുറവാണ്. ഇതൊരു അഖിലേൻഡ്യാ പ്രശ്നമായി വന്നിട്ടുള്ളതു മനസ്സിലാക്കി (ഗവൺമെൻറ് ഓഫ് ഇൻഡ്യയുടെ ശ്രദ്ധയിലും വന്നിട്ടുണ്ട്) പീരിയഡു കുറയ്ക്കുന്നതിനുവേണ്ടി ഈ കാര്യങ്ങൾ പരിശോധിച്ചതിനുശേഷം കൂടുതൽ കോടതികളും എർപ്പെടുത്തുകയോ കൂടുതൽ ജഡ്ജിമാരെ എർപ്പെടുത്തുകയോ ചെയ്ത് ട്രയൽ പീരിയഡ് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നാഷണൽ പോലീസ് കമ്മീഷൻ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. അതേപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

നിശ്ചിത സമയത്തിനുള്ളിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നില്ലെന്ന പരാതി

*424 [445] ശ്രീ. റ്റി. എ. പരമൻ:
,, കെ. അനിരുദ്ധൻ:
,, പി. കെ. ചാത്തൻ മാസ്റ്റർ:
,, എം. കെ. കേശവൻ:
,, കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റിക്രൂട്ട്മെൻറു വഴി ഗസറ്റഡ് പോസ്റ്റ് കളിലേക്ക് നിയമനം ലഭിച്ച ആരെങ്കിലും നിശ്ചിത സമയത്തിനുള്ളിൽ പ്രൊബേഷൻ കാലം പൂർത്തിയാക്കിയെങ്കിലും വകുപ്പുമേധാവികൾ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നില്ലെന്നു കാണിച്ചു സർക്കാരിന് പരാതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഇങ്ങനെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാതിരിക്കുന്നതുമൂലം ഇത്തരക്കാരുടെ സീനിയോറിറ്റി, ഇംക്രിമെൻറ്, പ്രമോഷൻ മുതലായവ നഷ്ടപ്പെടാതിരിക്കാനുള്ള നടപടികളും സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly